(എ) കെ.എസ്.ആർ.ടി.സി.യിലെ സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവ്വീസുകളിൽ 25% സീറ്റ് മുൻഗണനാക്രമത്തിൽ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കണ്ടക്ടറുടെ സീറ്റിന് സമാന്തരമായി വലതുവശത്തുള്ള മൂന്നു സീറ്റുകൾ സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. ഈ മൂന്നു സീറ്റുകളും ഏത് അവസരത്തിലും സ്ത്രീകൾക്ക് നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റിസർവേഷൻ ഉള്ള ബസ്സുകളിൽ ഇപ്രകാരം സംവരണം ചെയ്തിരിക്കുന്ന 25% സീറ്റുകൾ മേൽപ്പറഞ്ഞ സർവ്വീസുകൾ തുടങ്ങുന്ന സ്ഥലത്ത് സ്ത്രീകൾ ഉണ്ടെങ്കിൽ അവർക്കു മാത്രമായി നല്കേണ്ടതാണ്. യാത്രയുടെ ഇടയിൽ സ്ത്രീകൾ കയറിയാൽ അത്തരം സീറ്റുകളിൽ ഇരിക്കുന്ന പുരുഷൻമാരോട് സീറ്റുകൾ ഒഴിഞ്ഞു കൊടുക്കാൻ ആവശ്യപ്പെടുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകളിലും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ദീർഘദൂര ബസ്സുകളിൽ കണ്ടക്ടർ സീറ്റിന്റെ വലതു വശത്തുള്ള മൂന്നു സീറ്റുകൾ ഏതവസരത്തിലും സ്ത്രീകൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്. പുറകിലുള്ള 25% സീറ്റുകളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) നിവൃത്തിയില്ല.

(ഇ) കണ്ടക്ടറുടെ സീറ്റിനു സമാന്തരമായി വലതുവശത്തുള്ള മൂന്നു പേർക്കിരിക്കാവുന്ന സീറ്റ് ഒഴിപ്പിച്ചു നൽകുന്നതാണ്.

(എഫ്) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ജി) ഈ വിവരങ്ങൾ പത്രങ്ങൾക്കു നല്കിയിട്ടുണ്ട്.

## 19 (*544) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ പുതുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾ കാലഹരണപ്പെട്ടതാണെന്ന കാര്യം പരിഗണിച്ച് മാനുവലിൽ വേണ്ട ഭേദഗതി വരുത്തുവാൻ ഒരു പഠനം നടത്തുമോ;

(സി) ഈ നിയമങ്ങൾ പല സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ഡി) സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ നിലവിലുള്ള സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 20 (*545) കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സഹിപ്പിക്കുവാൻ പുതിയ കമ്പനി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ മൂലധനം, ലക്ഷ്യങ്ങൾ, പ്രവർത്തനരീതി എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുമോ;

(സി) പ്രസ്തുത കമ്പനികളുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വ്യവസായം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഗതാഗത സൗകര്യവും അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് സൗകര്യവുമുള്ള ഗ്രാമപ്രദേശങ്ങളിൽ കാർഷിക വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒരു കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി)-(ഇ) ഇക്കാര്യത്തെ സംബന്ധിച്ച അന്തിമ രൂപം ആയിട്ടില്ല.

## 21 (*546) വനവിഭവങ്ങളുടെ സംരക്ഷണം

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനോൽപ്പന്നങ്ങൾ അനധികൃതമായി സംഭരിക്കൽ, അനധികൃതമായ മരംമുറിക്കൽ, വന്യമൃഗങ്ങളെ വേട്ടയാടൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly